## തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് റോഡ്

261(1332) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(ബി) ബൈപ്പാസിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പൂർണ്ണമായി സ്ഥലം വിട്ടുകിട്ടിയിട്ടില്ല.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

## ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

262(T1333) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ടഷറി വകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് പി.ഡ്ബ്ലു.ഡി. സർവ്വെ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വേ പി.ഡ്ബ്ലു.ഡി. കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയറെക്കൊണ്ട് എത്രയും വേഗം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സർവ്വേയുടെ പേരു പറഞ്ഞ് ടഷറി വകുപ്പിൽ നിലവിലുള്ള A1/8085/2013 ഫയലിൽ തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും പദ്ധതിക്ക് തടസ്സം സൃഷ്ടിക്കുന്ന അവസ്ഥ ഒഴിവാക്കുവാനും, സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനും അവിടെ ടഷറി കെട്ടിടം പണിയുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ടഷറി വകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. സർവ്വേ നടത്തി സൈറ്റ് പ്ലാൻ തയ്യാറാക്കി ആർക്കിടെക്ചറൽ വിഭാഗം തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ടഷറി വകുപ്പിൽ നിലവിലുള്ള A1/8085/2013 ഫയലിൽ തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly